**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **22-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ദെലീമ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന സമ്പ്രദായത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ വകുപ്പ് റിയാബ് മുഖേന എല്ലാ മാസവും നടത്തിവരുന്ന പ്രവർത്തന അവലോകന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അത് സംബന്ധിച്ച് പ്രാഥമിക പരിശോധന റിയാബ് മുഖേന സർക്കാർ നടത്താറുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള നിയമങ്ങൾ സംരംഭകർ പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ലേബർ വകുപ്പ്, ഫാക്ടറീസ് & ബോയിലേഴ്സ് തുടങ്ങിയ വിവിധ വകുപ്പുകൾ പല അവസരങ്ങളിൽ പരിശോധന നടത്താറുണ്ട്. ഇവ കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് ഇൻസ്പെക്ഷൻ ആഡിറ്റ്, കംപ്ലെയൻസ് ഓഡിറ്റ് പെർഫോമൻസ് ആഡിറ്റ് എന്നിവയും നിലവിലുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം തരത്തിലുള്ള പരിശോധനകളാണ് വ്യവസായ സ്ഥാപനങ്ങളിൽ നടക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന സമ്പ്രദായത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ വകുപ്പ് റിയാബ് മുഖേന എല്ലാ മാസവും നടത്തിവരുന്ന പ്രവർത്തന അവലോകന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അത് സംബന്ധിച്ച് പ്രാഥമിക പരിശോധന റിയാബ് മുഖേന സർക്കാർ നടത്താറുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള നിയമങ്ങൾ സംരംഭകർ പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ലേബർ വകുപ്പ്, ഫാക്ടറീസ് & ബോയിലേഴ്സ് തുടങ്ങിയ വിവിധ വകുപ്പുകൾ പല അവസരങ്ങളിൽ പരിശോധന നടത്താറുണ്ട്. ഇവ കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് ഇൻസ്പെക്ഷൻ ആഡിറ്റ്, കംപ്ലെയൻസ് ഓഡിറ്റ് പെർഫോമൻസ് ആഡിറ്റ് എന്നിവയും നിലവിലുണ്ട്. |
| (സി) | ഓരോ സ്ഥാപനത്തിലും ഓരോ വകുപ്പും പ്രത്യേകം പരിശോധന നടത്തുന്നതിന് പകരം കേന്ദ്രീകൃതമായ പരിശോധനാ സംവിധാനത്തിന് സർക്കാർ രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന സംവിധാനം പുന:ക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്-വെയർ അധിഷ്ഠിത ഏകീകൃത പരിശോധന സംവിധാനം ആരംഭിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ